# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP.653*(2)/2021*/എസ്.ഐ.സി തീർപ്പ് കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ 6488/എസ്.ഐ.സി-ജി6/2021)**

**സന്നിഹിതൻ**
**ഡോ. കെ. എൽ. വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. റിയാസ് ഖാൻ,
നല്ലേത്തു പുത്തൻ പുരയിൽ വീട്,
കാപ്പിൽ കിഴക്കു,
കൃഷ്ണപുരം (പി.ഒ), പിൻ - 690 533. } ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി,
   കരുനാഗപ്പള്ളി, കൊല്ലം.
2. അപ്പീൽ അധികാരി & ശിരസ്തദാർ,
   ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി,
   കൊല്ലം. } എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 22/01/2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 22/02/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 17/03/2021 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 16/04/2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 06/05/2021 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി<br>ഹിയറിംഗ് നടന്ന തീയതി :<br>സ്ഥലം : | 24/06/2021<br>29/12/2022<br>കോൺഫറൻസ് ഹാൾ, കൊല്ലം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

# ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പ പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. റിയാസ് ഖാൻ 06/05/2021 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 24/06/2021 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP No. 653(2)/2021/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കും, ഒന്നാം അപ്പീലിനും ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയില്ല എന്ന ആക്ഷേപമാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 22/01/2021 തീയതി സമർപ്പിച്ച അപേക്ഷയിൽ താഴെപ്പറയുന്ന രേഖകളുടെ പകർപ്പുകളാണ് ആവശ്യപ്പെട്ടത്:

1. കരുനാഗപ്പള്ളി എക്സൈസ് ക്രൈം നമ്പർ 32/18 കേസ്സിലെ FIR, FIS
2. ടി കേസ്സിലെ പ്രതിയുമായ ഹർജിക്കാരൻ 18/09/2018-ൽ ബഹു. മജിസ്ട്രേറ്റ് മുമ്പാകെ നൽകിയ പരാതിയുടെ പകർപ്പും
3. ടി പരാതിയിൽ ബഹു. മജിസ്ട്രേറ്റ് രേഖപ്പെടുത്തിയ മൊഴിയുടെ പകർപ്പും
4. ടി പരാതിയിലും മൊഴിയിലും സ്വീകരിച്ച മുഴുവൻ നടപടിക്രമങ്ങളും വിവരിക്കുന്ന രേഖയുടെ പകർപ്പും
5. ടി പരാതി പ്രകാരം എക്സൈസ് ഇൻസ്പെകടർക്കെതിരെ എടുത്ത നടപടിയുടെ പകർപ്പും മറ്റും ലഭ്യമാക്കണമെന്നാണ്.

മേൽപ്പടി അപേക്ഷയ്ക്ക് എതിർകക്ഷി 22/02/2021-ൽ ഹർജിക്കാരന് മറുപടിയും നൽകിയിട്ടുണ്ട്.

4. 17/03/2021 തീയതി ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിക്ക് 16/04/2021-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 02/09/2021 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളത്, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് വളരെ വ്യക്തമായ മറുപടിയാണ് എസ്.പി.ഐ.ഒ, ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി, കരുനാഗപ്പള്ളി നൽകയതെന്നും, കാരണം ടിയാൻ ആവശ്യപ്പെട്ടിരിക്കുന്ന കേസ് റിക്കാർഡായ Ex.NDPS. Cr. 32/18 -യുടെ എല്ലാവിധ അനുബന്ധരേഖകളോടും കൂടിയാണ്, 19/09/2018-ൽ ബഹു. കൊല്ലം സെക്ഷൻസ് കോടതിയിലേയ്ക്ക് അയച്ചു കൊടുത്തിട്ടുള്ളതെന്നും, ആയതിനാൽ ടി വിഷയത്തെക്കുറിച്ചു കൂടുതൽ വിവരങ്ങൾ കൊല്ലം ജില്ലാ സെക്ഷൻസ് കോടതിയിൽ നിന്നും മാത്രമെ ലഭിക്കുകയുള്ളൂവെന്ന വിവരമാണ് അറിയിച്ചിട്ടുള്ളത്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിലെ രണ്ടാമത്തെ ചോദ്യത്തിന് വ്യക്തമായ മറുപടി നൽകണമെന്ന് ഹിയറിംഗിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ടി പരാതി ഹർജി ഇന്നേ ദിവസം 2023 ജനുവരി 30-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

**(ഒപ്പ്)**
**ഡോ. കെ.എൽ. വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

STATE INFORMATION COMMISSION • KERALA •

AV